**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**വനം-വന്യജീവി വകുപ്പ്- ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================

വനം - വന്യജീവി (ഡി) വകുപ്പ്

സ.ഉ (പി) നം. 03/2011/വനം   തിരുവനന്തപുരം, തീയതി : 21-01-2012.

==========================================================

പരാമർശം : 20-12-2011, 50-01-2012 തീയതികളിലെ വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ BDC 2/1757/11 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഉത്സവങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട, നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗരേഖ ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ളത് സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സാജൻ പീറ്റർ,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
റവന്യൂ ( ദേവസ്വം )വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Malayalam signature at top right

# ആന എഴുന്നള്ളിപ്പുമായി പാലിക്കേണ്ട നിബന്ധനകൾ

## I. ജില്ലാതല നടപടികൾ

1 ജില്ലാ തലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുവാൻ ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റാഫീസർ, ദേവസ്വം ബോർഡ് മെമ്പർ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആന തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരള ഉൽസവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുക.

ജില്ലാ തലത്തിൽ ആനയെ പീഡിപ്പിക്കുന്നത് തടയുവാനായി ജില്ലാ കളക്ടർ താഴെ പറയുന്ന സംഘടനാ പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1. ഡിസ്ട്രിക്ട് കളക്ടർ – ചെയർമാൻ
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ – കൺവീനർ
3. സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ്
4. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
5. അഗ്നിശമനസേനാ പ്രതിനിധി
6. കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി.
7. അഖില കേരള ആന തൊഴിലാളി യൂണിയൻ പ്രതിനിധി
8. ആൾ കേരള ആന തൊഴിലാളി യൂണിയൻ പ്രതിനിധി
9. മെമ്പർ ഓഫ് ദി സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റു ആനിമൽസ് (എസ്.പി.സി.എ)
10. കേരള ഉൽസവ കോഓർഡിനേഷൻ കമ്മിറ്റി പ്രതിനിധി.

ഉൽസവ കാലത്തിനു മുൻപായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെയും സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 പരമ്പരാഗത പൂരങ്ങളല്ലാത്ത പുതിയ പൂരങ്ങൾ തുടങ്ങുകയും, നിലവിലുള്ള പൂരത്തിന് ആനകളുടെ എണ്ണം കൂട്ടുകയും ചെയ്യുന്ന പ്രവണതകൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്.

## II. ഉൽസവ കമ്മിറ്റി

1 എഴുന്നള്ളത്ത് സമയത്ത് ആനകൾ തമ്മിൽ മതിയായ അകലം പാലിക്കേണ്ടതാണ്.

2 മദപ്പാടുള്ളതും മദം ഒലിക്കുന്നതുമായ ആനകളെ ഒരു കാരണവശാലും എഴുന്നള്ളിപ്പിന് ഉപയോഗിക്കാൻ പാടുള്ളതല്ല.

3 അസുഖമുള്ളതോ, പരിക്കേറ്റതോ, ക്ഷീണിതനോ, ഗർഭിണിയോ ആയ ആനകളെ എഴുന്നള്ളിപ്പിനുപയോഗിക്കുവാൻ പാടില്ല.

4 എഴുന്നള്ളിപ്പ് സമയത്ത് മുള്ളുള്ള ചങ്ങല കൊണ്ടോ മുൾകമ്പി കൊണ്ടോ ആനയെ ബന്ധിക്കുവാൻ പാടില്ല.

5 ആനയെ ടാർ റോഡിലൂടെ ഉച്ച സമയത്ത് അധികനേരം വിശ്രമമില്ലാതെ നടത്തിക്കുവാൻ പാടില്ല.

6 എഴുന്നള്ളിപ്പിനായി വെയിലത്ത് ആനയെ അധികസമയം നിർത്തുവാനോ ആനയുടെ സമീപത്തുവച്ച് വൻശബ്ദമുള്ള പടക്കം പൊട്ടിക്കുവാനോ പാടില്ല.

7 ആനക്ക് ആഹാരവും വെള്ളവും ലഭിക്കാത്ത സ്ഥലങ്ങളിൽ ആനയെ കെട്ടുവാൻ പാടുള്ളതല്ല. ആനക്ക് മതിയായ ഭക്ഷണവും വെള്ളവും ലഭിക്കുന്നുണ്ടെന്ന് ആന ഉടമയും ആനയെ പരിചരിക്കുന്ന ആളും ആന തൊഴിലാളിയും ഉറപ്പു വരുത്തേണ്ടതും ഉൽസവം, പൂരം, പെരുന്നാൾ, നേർച്ച തുടങ്ങിയ ആഘോഷ വേളകളിലും ആന എഴുന്നള്ളിപ്പ് സമയങ്ങളിലും ഇക്കാര്യം ആനയെ ഏൽപ്പിക്കുന്ന ആഘോഷ കമ്മിറ്റി ഭാരവാഹികളും ഉറപ്പു വരുത്തേണ്ടതാണ്. ആന പാപ്പാൻമാർക്കും വിശ്രമത്തിനും ഭക്ഷണത്തിനും ഉള്ള സൗകര്യം ഉൽസവ കമ്മിറ്റി ഭാരവാഹികൾ ഉറപ്പു വരുത്തേണ്ടതാണ്.

8 തീവെട്ടി, ആനകൾക്ക് ചൂട് ഏൽക്കാത്തവിധം മാറ്റി പിടിക്കാൻ കർശന നടപടി എടുക്കേണ്ടതാണ്.

9 ഉൽസവ സമയത്ത് ആനകൾക്ക് ആവശ്യാനുസരണം ആഹാരവും വെള്ളവും നല്കുകയും കാലിൽ ചൂട് ഏൽക്കാതിരിക്കാൻ നനച്ച തറയിൽ (ചാക്കിൽ) നിറുത്തുകയും ആവശ്യമെങ്കിൽ വെയിൽ ഏൽക്കാതിരിക്കാൻ പന്തൽ പോലുള്ള സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്.

10 ഉൽസവാഘോഷങ്ങൾക്കിടയിൽ എഴുന്നള്ളിപ്പിനോടനുബന്ധിച്ച് ആനകൾക്ക് പൊതുജനങ്ങളിൽനിന്ന് ശല്യമോ പ്രകോപനമോ ഉണ്ടാകാതിരിക്കാൻ മതിയായ സംരക്ഷണം നൽകാൻ ബന്ധപ്പെട്ട ദേവസ്വം ബോർഡ് / ഉൽസവ കമ്മിറ്റിക്കാർ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ആനകൾക്ക് ചുറ്റും

പോലീസിന്റെയും ഉൽസവ വോളന്റിയർമാരുടെയും സഹായത്തോടെ ഒരു സുരക്ഷാവലയം ഉണ്ടാക്കേണ്ടതാണ്.

11 അഞ്ചോ അതിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കുന്ന സ്ഥലങ്ങളിൽ നിർബന്ധമായും എലിഫന്റ് സ്ക്വാഡിലെ വെറ്റിനറി ഡോക്ടർമാരുടെ സേവനം ഉൽസവ കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

12 ആന എഴുന്നള്ളത്തിന്റെ വിവരങ്ങൾ 72 മണിക്കൂർ മുമ്പായി ആഘോഷ കമ്മിറ്റി ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചറെയും, പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറെയും അറിയിക്കേണ്ടതാണ്.

13 അഞ്ചോ അതിൽ കൂടുതലോ ആനകളെ എഴുന്നള്ളിക്കുമ്പോൾ പബ്ളിക് ലെയബിലിറ്റി ഇൻഷുറൻസ് നിർബന്ധമായും ഉൽസവ കമ്മിറ്റി എടുക്കേണ്ടതാണ്.

14 ആനകൾക്ക് ഉൽസവ സമയത്ത് മതിയായ വിശ്രമം ഉറപ്പ് വരുത്തേണ്ടതാണ്. കുളിക്കുവാനും തീറ്റയ്ക്കുമുള്ള സമയവും ഇതിൽ ഉൾപ്പെടുന്നു. ആനകളെ 3 മണിക്കൂറിൽ കുടുതൽ എഴുന്നള്ളിക്കാൻ പാടുള്ളതല്ല.

15 ഘോഷയാത്രയിൽ ആനകൾക്ക് കാലിൽ ഇടച്ചങ്ങലയും മെയ്ച്ചങ്ങലയും മുട്ടുചങ്ങലയും ഉണ്ടായിരിക്കണം.

16 ഉൽസവ കമ്മിറ്റി പാപ്പാൻമാർക്ക് മദ്യസൽക്കാരമോ മറ്റു ലഹരി പദാർത്ഥങ്ങളോ യാതൊരു കാരണവശാലും നൽകുവാൻ പാടില്ല.

17 കുട്ടിയാനകളെ (1.5 മീറ്ററിൽ താഴെ പൊക്കമുള്ളവ) ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുവാൻ പാടില്ല.

18 ഉൽസവ കമ്മിറ്റി ഭാരവാഹികൾ നാട്ടാനയെ സംബന്ധിച്ച എല്ലാ നിയമങ്ങളും ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

19 പറ എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്ന ആനകൾക്ക് മതിയായ വിശ്രമം നൽകേണ്ടതാണ്. പറ എഴുന്നള്ളിപ്പ്, കാലത്ത് 6 മണി മുതൽ 11 മണി വരെയും വൈകിട്ട് 3 മണി മുതൽ 6 മണി വരെയും മാത്രമേ നടത്തുവാൻ പാടുള്ളു.

20 ഉൽസവ സമയത്ത് പ്രവർത്തനക്ഷമമായ ജനറേറ്റർ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## III. ആന ഉടമസ്ഥർ

1 ആനയ്ക്ക് പകർച്ചവ്യാധി പിടിപെട്ടാൽ പ്രസ്തുത വിവരം ഉടനെ ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ അറിയിക്കേണ്ടതാണ്.

2 ആന ഇടഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിർദ്ദിഷ്ട കാലയളവിൽ പ്രാബല്യമുള്ള ഇൻഷുറൻസ് പരിരക്ഷ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തേർഡ് പാർട്ടി ഇൻഷുറൻസ് മാതൃകയിൽ ആനയെ ഇൻഷുർ ചെയ്യേണ്ടതാണ്.

3 പാപ്പൻമാർക്ക് ആനയുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ 2,50,000/- രൂപയെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരിക്കണം.

4 മൂവ്മെന്റ് രജിസ്റ്റർ, രോഗ പ്രതിരോധ മരുന്ന് കുത്തിവയ്പ്പ് രജിസ്റ്റർ, ചികിൽസാ രജിസ്റ്റർ, ആഹാര രജിസ്റ്റർ, വർക്ക് രജിസ്റ്റർ എന്നിവ സമയ-ബന്ധിതമായി എഴുതി സൂക്ഷിക്കേണ്ടതും ആവശ്യാനുസരണം ഉടമ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

5 നാട്ടാനകളുടെ കൊമ്പ് മുറിക്കുമ്പോൾ, നാട്ടാന പരിപാലന നിയമം (2003) റൂൾ 11 പ്രകാരം പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പാലിക്കേണ്ടതും അനുമതി ലഭിച്ചു കഴിഞ്ഞാൽ 60 ദിവസത്തിനകം കൊമ്പ് മുറിക്കേണ്ടതുമാണ്.

6 ആനയുടെ കഴുത്തിലണിയിച്ചരിക്കുന്ന ചങ്ങലയിൽ ആനയുടെ പേര് പ്രദർശിപ്പിക്കേണ്ടതാണ്.

7 ഉൽസവ എഴുന്നള്ളിപ്പ് സമയത്ത് ആനയുടെ ഒന്നാം പാപ്പാൻ ആനയുടെ അടുത്തുതന്നെ ഉണ്ടായിരിക്കണം.

8 പാപ്പാൻമാർ മദ്യപിച്ചുകൊണ്ട് ആനകളെ കൊണ്ടുപോകുക, അവയെ ഉപദ്രവിക്കുക എന്നിവ കർശനമായും ഒഴിവാക്കേണ്ടതാണ്.

9 ആന ഇടഞ്ഞ് ജീവഹാനി (മരണം) ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത ആനയെ തുടർന്നുള്ള 15 ദിവസത്തേക്ക് ഉൽസവാഘോഷവേളകളിൽ പങ്കെടുപ്പിക്കാൻ പാടില്ലാ എന്നും പ്രസ്തുത ആനയെ ഫോറസ്റ്റ് വെറ്ററിനറി ഓഫീസറും അതാതു ജില്ലയിലെ 2 സർക്കാർ വെറ്ററിനറി ഓഫീസർമാരോ / ജില്ലയിലെ മറ്റു രണ്ട് വെറ്ററിനറി ഡോക്ടർമാരോ ഉൾപ്പെടുന്ന മൂന്നംഗ

മെഡിക്കൽ സംഘം ആനയെ പരിശോധിച്ച് മാനസിക-ശാരീരിക നില തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തിയാൽ മാത്രമെ വീണ്ടും എഴുന്നള്ളിക്കുവാൻ പാടുള്ളൂ.

10 ആനയെ പാപ്പാൻമാർ നട്ടുള്ള (Nut) വടി ഉപയോഗിച്ച് തല്ലുവാനോ ആണി, സൂചി പോലുള്ളവ ഘടിപ്പിച്ച വടികൾ, കോലുകൾ ഉപയോഗിച്ച് പീഡിപ്പിക്കുവാനോ കുത്തിപ്പൊക്കി തല ഉയർത്തി നിർത്തുവാനോ പാടില്ല.

11 നാട്ടാനകളുടെ ഡേറ്റാ ബുക്കിന്റെ അസ്സലും, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, മൈക്രോചിപ്പ് സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (അനുവദിച്ചിട്ടുണ്ടെങ്കിൽ) എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (15 ദിവസത്തെ കാലാവധി) എന്നിവ ഉൽസവ സമയത്ത് പാപ്പാന്റെ കൈവശം ഉണ്ടായിരിക്കണം.

12 എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്ന ആനകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് രണ്ടാഴ്ച്ച കൂടുമ്പോൾ പുതുക്കേണ്ടതാണ്.

13 ആന പാപ്പാൻമാർക്ക് വനം വകുപ്പ് നൽകിയിട്ടുള്ള ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് പാപ്പാൻമാരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

## IV. വെറ്ററിനറി ഡോക്ടർ

1 മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്ന വെറ്ററിനറി ഡോക്ടർ നാട്ടാന പരിപാലന നിയമം 2003 ൽ പറയുന്ന **രജിസ്റ്ററുകൾ** കൃത്യമായി ഒത്തുനോക്കി ഉടമസ്ഥാവകാശം (വനം വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ) /മൈക്രോചിപ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, നാട്ടാനകളുടെ ഡേറ്റാ ബുക്കിന്റെ അസ്സൽ, മറ്റു അനുബന്ധ രേഖകളും ശരിയാണെന്നുറപ്പു വരുത്തേണ്ടതാണ്. ആനക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന വെറ്ററിനറി ഡോക്ടർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് **അനുബന്ധം** – 1 ൽ കാണിച്ചിട്ടുള്ള മാതൃകയിൽ നൽകേണ്ടതാണ്.

2 ആനയെ ലോറിയിൽ കയറ്റി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനു മുൻപായി വെറ്ററിനറി ഡോക്ടർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് **അനുബന്ധം–2** ൽ കാണിച്ച മാതൃകയിൽ ആനയെ പരിശോധിച്ച് നൽകേണ്ടതാണ്.

V.

## VI. ആനയെ വാഹനത്തിൽ കയറ്റിക്കൊണ്ടു പോകുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ

(വനം വകുപ്പ്/ആന ഉടമസ്ഥർ)

1 അനുബന്ധം - 2 ൽ സൂചിപ്പിച്ചിട്ടുള്ള, വെറ്ററിനറി ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ആനയെ വാഹനത്തിൽ കൊണ്ടുപോകാൻ പാടുള്ളതല്ല.

2 ആനയെ ലോറിയിൽ കയറ്റി അയൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ട് പെർമിറ്റിനുള്ള അപേക്ഷ ഉടമസ്ഥൻ നേരിട്ടോ, ടിയാൻ നിയമാനുസൃതം അധികാരപ്പെടുത്തിയ വ്യക്തിയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യാത്രയുടെ 15 ദിവസത്തിനു മുൻപായി സമർപ്പിക്കേണ്ടതാണ്.

3 ആനകളെ കയറ്റികൊണ്ടുപോകുന്ന വാഹനത്തിന് കുറഞ്ഞത് 420 സെ.മീ. നീളവും ടയറിന് 900-20 ടയർ സൈസ് ഉണ്ടായിരിക്കേണ്ടതുമാണ്. ഇത്തരം വാഹനങ്ങൾക്ക് ആവശ്യമായ സുരക്ഷിതത്വം (വെച്ച്കെട്ട്) ഉറപ്പ് വരുത്തി വർഷത്തിൽ ഒരിക്കൽ ബന്ധപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങി ഓരോ ജില്ലയിലേയും നാട്ടാന പരിപാലനത്തിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസറിൽനിന്നും അനുമതി പത്രം (പാസ്സ്) വാങ്ങിക്കേണ്ടതാണ്. ഇങ്ങനെ അനുമതി ലഭിച്ചിട്ടുള്ള വാഹനങ്ങളിൽ മാത്രമേ ആനകളെ യാത്ര ചെയ്യിക്കുവാൻ പാടുള്ളൂ. ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും ലോറിയുടെ വീതിക്കനുസൃതമായ നീളമുള്ളതും കുറഞ്ഞത് 100 സെ.മീറ്റർ വീതിയുള്ളതുമായ ചവിട്ടുപടി ഉണ്ടായിരിക്കണം. ആയത് ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും മുൻപ് ലോറിയുടെ ചേസിസിനോട് ബലമായി ഘടിപ്പിക്കേണ്ടതാണ്. ആനയുടെ ഉയരത്തിൻെറ പകുതിയിൽ കുറയാത്ത ഉയരത്തിൽ സ്റ്റീൽ പൈപ്പ് കൊണ്ടോ തടി കൊണ്ടോ ബലമുള്ള വച്ചുകെട്ട് വാഹനത്തിന് ഉണ്ടായിരിക്കണം. ആനയുടെ ശരീരത്തിന്റെ ഇരുവശവും നെടുകെയും മുന്നിലും പിന്നിലും കുറുകെയും ബലമുള്ളതും ഉറപ്പുള്ളതുമായ കഴ കൊണ്ട് താങ്ങ് കെട്ടേണ്ടതാണ്. ആനക്ക് മുന്നിൽ കുറുകെയുള്ള കഴ തുമ്പിക്കൈ കൊണ്ട് ചുറ്റിപ്പിടിക്കാൻ പാകത്തിലുള്ളതായിരിക്കണം. ലോറിയുടെ ക്യാബിന് അഭിമുഖമായി ക്യാബിനിൽനിന്ന് കുറഞ്ഞത് 60 സെ.മീറ്റർ അകലെത്തിലെങ്കിലും ആനയെ

നിർത്തേണ്ടതാണ്.

4 വാഹനത്തിൽ അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ രേഖപ്പെടുത്തേണ്ടതാണ്.

5 ശക്തിയായ കുലുക്കം, പെട്ടെന്നുള്ള ബ്രേക്കിടൽ എന്നിവ ഒഴിവാക്കത്തക്കവണ്ണം ക്രമമായ വേഗതയിലും സുരക്ഷിതമായും മാത്രമേ ലോറി ഓടിക്കുവാൻ പാടുള്ളൂ. ലോറിയുടെ സഞ്ചാരവേഗത മണിക്കൂറിൽ 25 കിലോ മീറ്ററിൽ കൂടാൻ പാടില്ല.

6 യാത്രയിലുടനീളം ആനയുടെ കൂടെ പ്ളാറ്റ്ഫോമിൽ നിർബന്ധമായും ഒരു പാപ്പാൻ ഉണ്ടായിരിക്കേണ്ടതാണ്.

7 സൈഡ് ബോഡിയുള്ള ലോറി മാത്രമേ ആനയെ കൊണ്ടുപോകാൻ ഉപയോഗിക്കാവൂ.

8 യാത്രാവേളകളിൽ റോഡിന് കുറുകേ കാണുന്ന ഇലക്ട്രിക് വയറുകളും കേബിളുകളും സുരക്ഷിതമായി ഉയർത്തി അപകടം ഒഴിവാക്കുന്നതിന് ഒരു ഉണങ്ങിയ കഴ ലോറിയിൽ കരുതിയിരിക്കണം.

9 ആനയ്ക്ക് ആവശ്യത്തിന് മതിയായ അളവിൽ വെട്ടിമുറിച്ച് കഷ്ണങ്ങളാക്കിയ തീറ്റകൾ വാഹനത്തിൽ ലഭ്യമാക്കേണ്ടതാണ്. ഭക്ഷണം കുറഞ്ഞ അളവിൽ കൂടുതൽ തവണ നൽകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

10 ആനയ്ക്ക് മുന്നിൽ ക്യാബിനോട് ചേർന്ന് ഭക്ഷണം നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. മൂത്രം, പിണ്ഡം എന്നിവയാൽ തീറ്റ മലിനമാകാത്ത വിധമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

11 വാഹന സഞ്ചാരവേളയിൽ ആനയുടെ കഴുത്തിൽ സുരക്ഷിതമായ നിയന്ത്രണോപാധികൾ ഉണ്ടായിരിക്കേണ്ടതാണ്.

12 അകലെനിന്നുതന്നെ ആനയുടെ സാന്നിദ്ധ്യം മനസ്സിലാക്കത്തക്കവണ്ണം ആനയുടെ ശരീരത്തിൽ മുന്നിലും പിന്നിലും ചുവന്ന റിഫ്ളക്ടർ ഘടിപ്പിച്ചിരിക്കണം. എളുപ്പത്തിൽ തിരിച്ചറിയുന്നതിന് ആനയുടെ രൂപത്തിലുള്ള റിഫ്ളക്ടറുകൾ ഘടിപ്പിക്കുന്നതായിരിക്കും അഭികാമ്യം.

13 യാത്രാവേളയിൽ രാത്രിയിൽ ആനയെ നിരീക്ഷിക്കുന്നതിനും എതിരെ വരുന്ന വാഹനത്തിലെ ഡ്രൈവറുടെ ശ്രദ്ധ പതിയുന്നതിനുമായി ആനയുടെ സമീപം വെളിച്ചം ഉണ്ടായിരിക്കേണ്ടതാണ്.

14 ആനക്കും പാപ്പാനും യാത്രാവസാനം മതിയായ വിശ്രമം അനുവദിക്കേണ്ടതാണ്.

15 അന്യ സംസ്ഥാനത്തേക്കുള്ള ട്രാൻസ്പോർട്ട് പെർമിഷൻ ഒരു നിശ്ചിത സ്ഥലത്തേക്കും, നിശ്ചിത കാലാവധിക്കും മാത്രമായിരിക്കും നൽകുക. ഈ കാലാവധിക്കുള്ളിലായി ഉടമ ആനയെ തിരികെ സ്ഥലത്തെത്തിക്കേണ്ടതാണ്.

16 തുടർച്ചയായി 6 മണിക്കൂറിൽ കൂടുതൽ ലോറികളിൽ ആനകളെ കൊണ്ടുപോകാൻ പാടുള്ളതല്ല.

17 ആനയെ ഒരു ദിവസം 30 കിലോമീറ്ററിൽ കൂടുതൽ തുടർച്ചയായി നടത്താൻ പാടുള്ളതല്ല.

## VII. പൊതു നിബന്ധനകൾ

1 ഒരു വെറ്ററിനറി ഡോക്ടറുടെ കുറിപ്പ് പ്രകാരം മാത്രമേ ആനകളെ നിയന്ത്രിക്കുവാനായി മയക്കുമരുന്നുകൾ കൊടുക്കാവൂ.

2 ആഘോഷവേളയിൽ ആനയെ ഉപദ്രവിക്കുന്നവർക്കെതിരെ കർശന നടപടി പോലീസ്/വനം വകുപ്പ് അധികൃതർ എടുക്കേണ്ടതാണ്.

## VIII. ചരിയുന്ന നാട്ടാനകളെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ

### (വനം വകുപ്പ്/ആന ഉടമസ്ഥർ)

1 ചരിയുന്ന ആനയുടെ ഉടമസ്ഥൻ ആനയുടെ സംസ്കാരത്തിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

2 ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ മേൽനോട്ടത്തിൽ ആവശ്യമായ സുരക്ഷാ സജ്ജീകരണത്തോടുകൂടി മാത്രമേ ആനയുടെ ജഡം സംസ്കരിക്കുവാൻ പാടുള്ളു. ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജഡം വന പ്രദേശത്ത് സംസ്കരിക്കുന്നതിന് ആവശ്യമായ അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകേണ്ടതാണ്.

3 ചരിയുന്ന ആനയുടെ മരണവിവരം, മഹസർ, പോസ്റ്റുമാർട്ടം റിപ്പോർട്ട്, മറ്റു ആവശ്യമായ രേഖകൾ വനം വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

4 1972 ലെ വന്യജീവി (സംരക്ഷണം) നിയമ പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ എല്ലാ ആനകൾക്കും ഈ സൗകര്യം ലഭ്യമാകുന്നതാണ്.

5 1972 ലെ വന്യജീവി (സംരക്ഷണം) നിയമ പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആന ഉടമസ്ഥർ ഈ സൗകര്യം ലഭ്യമാക്കുന്നതിനായി 5000 രൂപ ഫീസായി ഒടുക്കേണ്ടതാണ്.

6 1972 ലെ വന്യജീവി (സംരക്ഷണം) നിയമ പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആന ഉടമസ്ഥർ ഈ സൗകര്യം ലഭ്യമാക്കുന്നതിനായി 10000 രൂപ ഫീസായി ഒടുക്കേണ്ടതാണ്.

7 മേൽ നിബന്ധനകൾ പ്രകാരം ആനയുടെ ജഡം വനപ്രദേശത്ത് മറവു

ചെയ്യുന്നതിന് വേണ്ട അനുവാദം നൽകി എന്നതുകൊണ്ട് അങ്ങനെയുള്ള ആനയുടെ ഉടമസ്ഥനെതിരെ ആ ആനയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതും ഉണ്ടായേക്കാവുന്നതുമായ നിയമ നടപടികളിൽനിന്നും ഉടമസ്ഥനോ ബന്ധപ്പെട്ടവരോ വിമുക്തരാവുന്നതല്ല.

8 ആനയെ സംസ്ക്കരിക്കുന്നതിനുള്ള എല്ലാ ചെലവുകളും ആന ഉടമ വഹിക്കേണ്ടതാണ്.

9 ആനയുടെ ജഡം പൂർണ്ണമായി കത്തി തീർന്നു എന്ന് ആന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.

## HEALTH CERTIFICATE

Certified that I have this day the (in words) ---------------------------------------------------------------------------------------------------------, examined at the request of ------------------------------------------------------------------------------------------------------------THE OWNER/ CUSTODIAN/ REPRESENTATIVE/ CONTRACTOR/ FESTIVAL AUTHORITY/------------------------------------------------------------------- (Designation of the Govt. official*) the elephant with the description given hereunder

(* competent Forest/Police/Revenue official)

Name of Elephant :

Ownership certificate number/
Microchip certificate number :
Registration Data Book number :

Sex :

Age :

Tusks (Measurement)

Name of owner/custodian :

Observations/remarks if any :

Health Parameters :

| Trunk | Tusks | Oral Cavity | Eyes | Temporal Glands |
|---|---|---|---|---|
| | | | | |
| **Limbs** | **Nails** | **Feet/Pad** | **Wounds/ Chain Wounds** | **Dung/ Urine Abnormalities** |
| | | | | |

**TEMPERMENT OF ANIMAL**

Docile, Controllable, Aggressive :
Other relevant observations :

**Directions to Mahouts/Users:**

**Remarks:**

The above-described elephant by name ------------------------------------------------------------ is found to be apparently healthy, docile and manageable by mahouts, free from visible symptoms of musth and does not appear to be suffering from any injuries or diseases. The elephant mentioned above may be permitted to participate in ***timber hauling/social/cultural/ceremonial functions*** (strike out whichever is not applicable) with full complements of restrainments, control and management under competent mahouts and observing the provisions of laws in force.

Place
Date

Signature of examining veterinarian

Address

Registration No.

# Form for Certificate of Fitness to Travel Elephants

(See Rule 8 of the Kerala Captive Elephant (Management & Maintenance) Rules, 2003)

(This certificate should be completed and signed by a Veterinary Doctor)

Date and Time of Examination ..........................................................................

Number of Elephants..........................................................................................

Name of Elephants ............................................................................................

Age/Sex.................................................................................................................

Number of Cages...................................................................................................

I hereby certify that I have read Rule 8 of the Kerala Captive Elephants (Management and Maintenance) Rules, 2003.

1. That, at the request of (consignor) ................................................ I examined the above mentioned elephants in their traveling cages not more than 12 hours before their departure.
2. That each elephant appeared to be in a fit condition to travel from the ................................ area to ............................ by road/rail and is not showing any signs of infections or contagious diseases.
3. That no cow elephant appeared to be under advanced stage of pregnancy.
4. That the elephants were adequately fed and watered for the purpose of the journey.
5. That the elephants have been vaccinated.

   (a) Type of vaccine/s

   (b) Date of vaccination/s

Signed ................................................

Address ...............................................

..........................................

..........................................

Qualifications .......................................

Place:..............................

Date:...............................